പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 354

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സ്പോർട്ട്സ് കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ, 2010

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2010

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 354

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സ്പോർട്ട്സ് കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ, 2010

688/2010.

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സ്പോർട്ട്സ് കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ, 2010

സ്പോർട്ട്സ് കൗൺസിലുകളുടെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സ്പോർട്ട്സ് കൗൺസിലുകളുടെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ വിനിയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവത്സരത്തിൽ ഇനിപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സ്പോർട്ട്സ് കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ്, 2010 എന്ന് പേര് പറയാം.

(2) ഇത് സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'സ്പോർട്ട്സ് കൗൺസിലുകൾ' എന്നാൽ 2000-ലെ കേരള സ്പോർട്ട്സ് ആക്റ്റിലെ (2001-ലെ 2) 3-ാം വകുപ്പും 9-ാം വകുപ്പും 15-ാം വകുപ്പും പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന സ്പോർട്ട്സ് കൗൺസിലുകളും ജില്ലാ സ്പോർട്ട്സ് കൗൺസിലുകളും കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലുകളും മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലുകളും ഗ്രാമ സ്പോർട്ട്സ് കൗൺസിലുകളും എന്നർത്ഥമാകുന്നു ;

(ബി) 'പബ്ലിക് സർവ്വീസ് കമ്മീഷൻ' എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു ;

(സി) 'സർവ്വീസുകൾ' എന്നാൽ സ്പോർട്ട്സ് കൗൺസിലുകൾക്ക് കീഴിലുള്ള സർവ്വീസുകൾ എന്നർത്ഥമാകുന്നു.

3. പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ.—(1) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ, പബ്ലിക് സർവ്വീസ് കമ്മീഷനുമായി,—

(എ) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലേയും ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിലേയും സെക്രട്ടറിമാർ ഒഴികെ സ്പോർട്ട്സ് കൗൺസിലുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനക്രമവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ;

(ബി) സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലേയും ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിലേയും സെക്രട്ടറിമാർ ഒഴികെ സ്പോർട്ട്സ് കൗൺസിലുകളിലെ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനംവഴി നിയമനം നടത്തുന്നതിന് പാലിക്കേണ്ട തത്ത്വങ്ങളിന്മേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും,

കൂടിയാലോചിക്കാവുന്നതാണ് :

എന്നാൽ സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ, സ്പോർട്ട്സിലും ഗയിംസിലും നിപുണരായവരെ നേരിട്ട് നിയമിക്കുന്നതിനായി നീക്കിവച്ചിട്ടുള്ള തസ്തികകളിലെ അങ്ങനെയുള്ള ഒഴിവുകളിലേക്ക് ആളുകളെ നിയമിക്കുന്നതിനെ സംബന്ധിച്ചിടത്തോളം (1)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഏതൊരു കാര്യങ്ങളെ സംബന്ധിച്ചും പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ട ആവശ്യമില്ല.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഒരു കാര്യം പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കപ്പെടുന്നിടത്ത് കമ്മീഷൻ ആ കാര്യത്തിൽ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന് ഉപദേശം നൽകേണ്ടതാണ്.

(3) പബ്ലിക് സർവ്വീസ് കമ്മീഷനും സംസ്ഥാന സ്പോർട്ട്സ് കൗൺസിലും തമ്മിൽ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു സംഗതിയിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുള്ള പക്ഷം സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ ആ സംഗതി സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും, അതിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ് :

എന്നാൽ സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി ഒരു തീരുമാനമെടുക്കുന്നതിനു മുമ്പ് ആ സംഗതി പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന് ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, പബ്ലിക് സർവ്വീസ് കമ്മീഷനുമായും സംസ്ഥാന സ്പോർട്ട്സ് കൗൺസിലുമായും കൂടിയാലോചിച്ച് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(എ) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന് സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ അനുവർത്തിക്കേണ്ട നടപടിക്രമം ;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്ന ഉദ്ദേശ്യത്തിന് ആനുഷംഗികമോ ആവശ്യമോ ആയ ഏതെങ്കിലും സംഗതി ;

(സി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത ഏതെങ്കിലും സംഗതി ;

വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിന്റെ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അത് അപ്രകാരം വയ്ക്കുന്ന സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽമാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു ; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2010-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സ്പോർട്ട്സ് കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് (2010-ലെ 28) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലെയും ജില്ലാ സ്പോർട്ട്സ് കൗൺസിലുകളിലെയും സെക്രട്ടറിമാർ ഒഴികെ സ്പോർട്ട്സ് കൗൺസിലുകളിലെ എല്ലാ തസ്തികകളിലെ നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച് നടത്തേണ്ടതാണെന്ന് സർക്കാർ തീരുമാനിച്ചിരിക്കുന്നു. സ്പോർട്ട്സ് കൗൺസിലുകളിലെ സർവ്വീസുകൾ, സംസ്ഥാനത്തെ പബ്ലിക് സർവ്വീസുകളുടെ ഭാഗമാകുന്നതല്ല. ആയതിനാൽ, ഭാരതത്തിന്റെ ഭരണഘടനയിലെ 321-ാം അനുച്ഛേദപ്രകാരം, ഉചിതമായ നിയമ നിർമ്മാണത്തിലൂടെ സ്പോർട്ട്സ് കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ

നിർവ്വഹിക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷനെ അധികാരപ്പെടുത്തേണ്ടതുണ്ട്. കൂടാതെ സ്പോർട്ട്സ് കൗൺസിലുകളുടെ സർവ്വീസുകളിലുള്ള തസ്തികകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്കുള്ളിൽ ഉൾപ്പെടുത്തിയാൽ മാത്രമേ സ്പോർട്ട്സ് കൗൺസിലുകളിലെ ആഫീസർമാരുടെയും ജീവനക്കാരുടെയും നിയമനവും മറ്റ് സേവന വ്യവസ്ഥകളും സംബന്ധിച്ച കരട് ചട്ടങ്ങളിന്മേൽ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചന സാദ്ധ്യമാവുകയുള്ളൂ. ആയതിനാൽ, പ്രസ്തുത ഉദ്ദേശങ്ങൾക്കായി ഒരു പ്രത്യേക നിയമ നിർമ്മാണം കൊണ്ടുവരാൻ സർക്കാർ തീരുമാനിച്ചു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ തീരുമാനം നടപ്പിലാക്കുന്നതിന് സത്വര നിയമനിർമ്മാണം നടത്തേണ്ട സാഹചര്യം നിലനിന്നിരുന്നതിനാലും കേരള ഗവർണ്ണർ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സ്പോർട്ട്സ് കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ്, 2010 (2010-ലെ 28) 2010 ജൂൺ 12-ാം തീയതി വിളംബരപ്പെടുത്തുകയും ആയത് 2010 ജൂൺ 14-ാം തീയതിയിലെ 1341-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ചുള്ള മെമ്മോറാണ്ടം

ബില്ലിലെ 4-ാം ഖണ്ഡം, ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിന് പബ്ലിക് സർവ്വീസ് കമ്മീഷനുമായും സംസ്ഥാന സ്പോർട്ട്സ് കൗൺസിലുമായും കൂടിയാലോചിച്ച് ചട്ടങ്ങൾ ഉണ്ടാക്കുവാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏതു സംഗതികൾ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അവ നടപടി ക്രമങ്ങളും സാധാരണമോ ഭരണപരമോ ആയ സ്വഭാവത്തോടുകൂടിയവയുമാണ്. മാത്രമല്ല, ചട്ടങ്ങൾ ഉണ്ടാക്കിയശേഷം അവ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏൽപ്പിച്ചുകൊടുത്ത നിയമ നിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

എം. വിജയകുമാർ

(ശരിത്തർജ്ജമ)